**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2756** | **13-12-2022 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ, കൈത്തറി, കശുവണ്ടി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ ഇൻകം സപ്പോർട്ട് സ്കീം വഴി ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഇൻകം സപ്പോർട്ട് സ്കീം വഴി 2022-23 സാമ്പത്തിക വർഷം കയർ, കൈത്തറി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ താഴെ പറയും പ്രകാരം തുക (രൂപയിൽ) അനുവദിച്ചിട്ടുണ്ട്.<br><br>ഖാദി ഗ്രാമ വ്യവസായ ബോർഡ് - 15,00,00,000/-<br><br>കയർ വികസന ഡയറക്ടറേറ്റ് - 16,56,61,778/-<br><br>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് - 12,17,500/-<br><br>കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ് - 86,45,000/- |
| (ബി) | കേന്ദ്ര സർക്കാർ നയങ്ങൾ മൂലം പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി എന്തൊക്കയാണെന്ന് വ്യക്തമാക്കാമോ? | (ബി) | ജി.എസ്.ടി. നടപ്പിലാക്കിയത് പരമ്പരാഗത കയർ ഉല്പന്ന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നയങ്ങൾ മൂലം കൈത്തറി മേഖലയിൽ യാൺ ബാങ്ക് ഡിപ്പോയുടെ ഓപ്പറേറ്റിങ് സബ്സിഡി പിൻവലിച്ചത് യാൺ ബാങ്കിന്റെ നിലനിൽപ്പിനെ തന്നെ ബാധിച്ചിട്ടുണ്ട്. കൈത്തറി അസംസ്കൃത വസ്തുക്കളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിലയിൽ ഉണ്ടായ വർദ്ധനവ് കൈത്തറി മേഖലയെ സാരമായി ബാധിച്ചു. കൈത്തറി വസ്തുങ്ങൾക്ക് 5% ജി.എസ്.റ്റി. ഏർപ്പെടുത്തിയതിലൂടെ വസ്തുങ്ങൾക്കുണ്ടായ വിലക്കയറ്റം വിപണിയെ സാരമായി ബാധിച്ചിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കവും, ഗവൺമെന്റ് റെഗുലേഷനും ഉണ്ടായതോടു കൂടി തോട്ടണ്ടിയുടെ ഇറക്കുമതി കുറയുകയും തോട്ടണ്ടിയുടെ ലഭ്യത കുറവു മൂലം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം ഉണ്ടാകുക വഴി സംസ്ഥാനത്തെ കശുവണ്ടി വ്യവസായം കൂടുതൽ പ്രതിസന്ധിയിലായിട്ടുണ്ട്. 2.5% ചുങ്കം ആണ് |

| | | | |
|---|---|---|---|
| | | | നിലവിലുള്ളത്. തോട്ടണ്ടിയുടെ താങ്ങാനാവാത്ത വിലയോടൊപ്പം ഇറക്കുമതി ചുങ്കം കൂടി ആയപ്പോൾ പ്രതിസന്ധി വർദ്ധിച്ചു. ഇറക്കുമതി ചുങ്കം ഒഴിവാക്കി ഇറക്കുമതി ചെയ്യണമെങ്കിൽ കടുപ്പമേറിയതും അപ്രായോഗികരമായതുമായ നിബന്ധനകളാണുള്ളത്. കയറ്റുമതിക്കുള്ള പ്രോത്സാഹനം നിലവിൽ വളരെ കുറവുമാണ്. കൂടാതെ കാലിത്തീറ്റയെന്ന വ്യാജേന ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും (കാഷ്യൂ വേസ്റ്റ്, ബ്രോക്കൺ കാഷ്യൂ എന്നീ പേരിൽ) കശുവണ്ടി പരിപ്പ് ഇറക്കുമതി ചെയ്യുന്നതു മൂലം ആഭ്യന്തര വിപണിയിൽ കശുവണ്ടി പരിപ്പിന് കൂടുതൽ വില കുറയുന്ന സാഹചര്യം സംജാതമാകുക വഴി സംസ്ഥാനത്തെ ഉൽപ്പാദന ചെലവിന് അനുസരിച്ചുള്ള വില കശുവണ്ടി പരിപ്പിന് ലഭിക്കാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. ഇതുപോലെ കയറ്റുമതി ചെയ്യുന്ന പരിപ്പിന് ഇൻസെന്റീവിന്റെ അപര്യാപ്തത മൂലം കശുവണ്ടി പരിപ്പിന്റെ കയറ്റുമതിയിലും നല്ല രീതിയിൽ കുറവ് വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ